بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*18 May 2012 ~ 26 Jamadul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഇന്ത്യ, ട്രിനിഡാഡ്, ടുബാഗോ, സമീപപ്രദേശങ്ങളായ ദ്വീപുകൾ തുടങ്ങിയ രാജ്യങ്ങളുടെ പേരുകൾ എടുത്തു പറഞ്ഞു കൊണ്ട് ഭൂമുഖത്തുള്ള തന്റെ അനുചരന്മാർക്കെല്ലാം സമാധാനാശംസകൾ അർപ്പിച്ച ശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ തശഹ്ഹുദ്,തഅവ്വുദു, സൂറ:അൽഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം അദ്ദേഹം ഇങ്ങനെ തുടർന്നു.

ആത്മീയ നേട്ടങ്ങൾ കൊയ്യുന്നത് അതിനു വേണ്ടി പരിശ്രമിക്കുന്നവർ മാത്രമാണ്. നമ്മുടെ പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ) ഏറ്റവും സമുന്നതമായ ആത്മീയാവസ്ഥയിലായിരുന്നു. എന്നിട്ട് പോലും അദ്ദേഹം തന്റെ വിശ്വാസ സംരക്ഷണത്തിനായി വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുക യുണ്ടായി. മതം യഥാർത്ഥത്തിൽ ലഭിക്കുന്നത് അതിനു വേണ്ടി മരിച്ചതിനു ശേഷമാണ്. അല്ലാഹു ഉദ്ദേശി ച്ചിരുന്നുവെങ്കിൽ കാര്യങ്ങൾ ഈ രീതിയിൽ കല്പ്പിക്കുമായിരുന്നില്ല. ഭൗതിക കാര്യങ്ങൾക്ക് ഈ നിലയി ലുള്ള നിയമങ്ങളാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതായത്, എല്ലാം നേടേണ്ടത് അധ്വാനത്തിലൂടെ മാത്ര മാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താലും, ഒരുവന്റെ പരിശ്രമത്താലും മാത്രമേ ഒരുവന് താൻ ഉദ്ദേശിച്ചിരി ക്കുന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഐഹിക ലോക കാര്യങ്ങളിലെ നേട്ടങ്ങൾ കരഗതമാ കുന്നത് എണ്ണമറ്റ പ്രയാസങ്ങളെയും പീഡനങ്ങളെയും അതി ജയിക്കുന്നതിലൂടെ മാത്രമാണ്.

മതപരമായ നേട്ടങ്ങൾക്ക് കഠിനാധ്വാനം ആവശ്യമില്ലെന്നു കരുതുന്നുണ്ടോ? ഈ ലോക കാര്യ ത്തിന്, എന്തിന് ഒരു ചെറിയ കോടതി കാര്യത്തിന് ഒരാൾ എല്ലാ ദിശയിലും തിരിയുകയും ആവശ്യമായ എല്ലാ തെളിവുകളും സമാഹരിക്കുകയും, കേസിന് പര്യാപത്മായതെല്ലാം സമർപ്പിക്കുകയും ചെയ്യുന്നു. വളരെയ ധികം പണം ചെലവഴിക്കേണ്ടി വരുന്നു. അതു പോലെ കഠിനാധ്വാനം ചെയ്യേണ്ടി വരുന്നു. ഈ അധ്വാന ങ്ങൾക്കു ശേഷം ആ വ്യക്തിക്കെതിരായി കേസ് വിധി ഉണ്ടായാൽ, മേൽക്കോടതികളിൽ അപ്പീലുകൾക്കു മേൽ അപ്പീലുകൾ സമർപ്പിക്കുന്നു. തന്റെ ലക്ഷ്യം കണ്ടെത്തുന്നതിന് അവൻ കഠിനമായി പരിശ്രമിച്ചു കൊണ് ടിര്‍ക്കുന്നു.

ഐഹിക കാര്യനേട്ടങ്ങൾക്ക് ഇത്രത്തോളം കഠിനമായി പരിശ്രമിക്കേണ്ടിയിരിക്കുമ്പോൾ, മത പരമായ നേട്ടങ്ങൾക്ക് സുഖ സന്തോഷ ജീവിതരീതിയിലൂടെ യാതൊരദ്ധ്വാനവുമില്ലാതെ വിജയം ആവർത്തി ക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ? ആരെങ്കിലും സ്പർശിക്കുന്ന്തിലൂടെയോ, അഥവാ ചില വാക്കു കൾ ഉരുവിടുന്നതിലൂടെയോ മതപരമായ നേട്ടങ്ങൾ ആർജിക്കുവാൻ സാധിക്കുമെന്നു കരുതുന്നുവോ?

അല്ലാഹു വ്യക്തമാക്കുന്നു. ''ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു'' എന്ന് പറയുന്നതു കൊണ്ട് മാത്രം( ഇക്കാലത്തെ) ആളുകളെ പരീക്ഷണത്തിന് വിധേയരാക്കാതെ വിട്ടുകളയുമെന്ന് അവർ ധരിക്കുന്നുണ്ടോ? (29:3)

അതായത് ഈ ജനങ്ങൾ ചിന്തിക്കുന്നുണ്ടോ, അവരെ പരീക്ഷണത്തിനു വിധേയമാക്കാതെ വിട്ടുകളയുമെന്ന്. അവർ അവരുടെ നാവുകൾ കൊണ്ട് പറയുന്നു. ''ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു '' എന്ന്. അങ്ങനെ പറയുന്നവരെ തുടർന്ന് പരീക്ഷണ വിധേയമാക്കുന്നു. അതിലൂടെ വിജയിക്കുന്നവരെയാണ് വിശ്വാ സികളായി അല്ലാഹു അംഗീകരിക്കുന്നത്. അല്ലാതെ നാവുകൊണ്ട് പറയുന്നതു കൊണ്ട് മാത്രം അവരെ അല്ലാഹു വിശ്വാസികളായി അംഗീകരിക്കുന്നില്ല. ഇതാണ് വിശുദ്ധ ഖുർആന്റെ അധ്യാപനം. പരിക്ഷണ നിരീ ക്ഷണങ്ങൾ അത്യന്താപേക്ഷിതമാണ്. ഇക്കാര്യം എല്ലാ പ്രവാചകന്മാരും സമ്മതിച്ചിട്ടുള്ളതാകുന്നു. ഒരാളിന്റെ പുരോഗതിയിൽ പരീക്ഷണം അനിവാര്യമാണ്. വിവിധ തരത്തിലുള്ള പരീക്ഷണങ്ങളിൽ വിജയിക്കുന്നതിലൂ ടെയാണ് അവനെ യഥാർത്ഥ വിശ്വാസിയായി എണ്ണപ്പെടുന്നത്.

പ്രയാസങ്ങളെ പിന്തുടർന്നാണ് സന്തോഷം ഉണ്ടാകുന്നത്. അതൊരു സ്ഥാപിത നിയമമാണ്. ഓർക്കുക. ഒരു വ്യക്തി ദൈവമാർഗ്ഗത്തിൽ പ്രയാസങ്ങളും പീഡനങ്ങളും ഏറ്റുവങ്ങുവാൻ തയ്യാറല്ലെങ്കിൽ, അവൻ പ്രസ്തുത മാർഗ്ഗത്തിൽ നിന്നും വേർപെട്ടതായി കരുതുക. അധോഗതിക്കു ശേഷമാണ് പുരോഗതി ഉണ്ടാകുന്നത്. അതുപോലെ ഒരാളിന്റെ വിശ്വാസത്തെ അളക്കുന്നത് താൻ നേരിട്ട പ്രയാസങ്ങളുടെയും ദുരി തങ്ങളുടെയും അളവനുസരിച്ചായിരിക്കും. ആത്മീയ പുരോഗതി നേടുന്നതിന് ഒരുവൻ ഒന്നാമതായി

പ്രയാസങ്ങളെയും പീഡനങ്ങളെയും നേരിടുവാൻ തയ്യാറാവുകയാണ് വേണ്ടത്.

മൗറീഷ്യസിലെ വിവിധ ഗ്രാമങ്ങളിൽ നിന്ന് ആളുകൾ എന്റെ അരികിൽ വരുകയും ഞാൻ അവരെ സ്പർശിക്കുന്നതിലൂടെ ആത്മീയ ഉയർച്ചയും, ഹൃദയ പരിശുദ്ധിയും നേടാൻ കഴിയുമെന്നും അവർ പ്രതീക്ഷിക്കുന്നു. അത്തരത്തിലുള്ളവർ ഒരു കാര്യം മനസ്സിലാക്കണം. പ്രയാസങ്ങളെ അഭിമുഖീകരിക്കുന്നതിലൂടെയും കഠിനതകളെ അതിജീവിക്കുന്നതിലൂടെയുമാണ് നേട്ടങ്ങൾ ഉണ്ടാകുന്നത്. അത് ഔന്നത്യത്തിന്റെ അവശ്യഘടകമാണ്. അല്ലാഹുവിന്റെ ദൂതന്മാർ എല്ലാ വിധത്തിലുള്ള പരീക്ഷണങ്ങളിലൂടെയും കടന്നു പോയിട്ടുണ്ട്. ഈ വിനീതനും നൂറു കണക്കിന് പരീക്ഷണങ്ങളിലൂടെ പൊയ്ക്കൊണ്ടിരിക്കുകയാണ്.അത് എല്ലാ വഴികളിലൂടെയും എല്ലാ ദിശകളിലൂടെയും. എന്റെ അനുചരന്മാരും മറ്റു സത്യന്വേഷികളും ഇത്തരത്തിലുള്ള പരീക്ഷണങ്ങളിൽ പെടില്ല എന്നു കരുതുന്നുണ്ടോ? എല്ലാ വിശ്വാസികളും പരീക്ഷണങ്ങളിലൂടെ പോകേണ്ടതായിട്ടുണ്ട്. അല്ലാഹു ഇതിലൂടെ നിങ്ങളുടെ വിശ്വാസത്തെ പരീക്ഷിക്കുകയാണ്. ഏതൊരാൾ തന്റെ പരീക്ഷണങ്ങളിൽ വിജയിക്കുന്നുവോ, അവനെ സംബന്ധിച്ച് അല്ലാഹു സംതൃപ്തനായിത്തീരുന്നു. അല്ലാഹു അവനുമായി അടുത്തു വരുന്നു. അവന്റെ (അല്ലാഹു) വിന്റെ ഖലീഫയുമായി അവനെ അടുപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. പരമമായ നമ്മുടെ ജീവിതലക്ഷ്യം അല്ലാഹുവിനെ നമ്മുടെ പ്രതിഫലമായി കിട്ടുക എന്നതാണ്. അല്ലാഹു ഇല്ലാതെ നമ്മൾ ഒന്നുമല്ല. അവനാണ് നമ്മുടെ സംരക്ഷകൻ. അവൻ ഇരുപത്തിനാലു മണിക്കൂറും നമ്മോടൊപ്പമുണ്ട്. അവനാണ് നമ്മുടെ ശത്രുവിനെ അപമാനിക്കുന്നത്; അഥവാ ശത്രുവിനെ ദൃഢവിശ്വാസിയായി പരിവർത്തിപ്പിക്കുന്നത്. ഹസ്രത്ത് ഉമർ(റ) നെ പോലെ വിശ്വാസം പ്രദാനം ചെയ്യുന്നത് അല്ലാഹു മാത്രമാണ്. അല്ലാഹുവിന്റെ ദൂതന്റെ ലക്ഷ്യം അല്ലാഹുവും അവന്റെ ആത്മാർത്ഥ ദാസന്മാരുമാണ്. അല്ലാഹുവിനും അവന്റെ ദൂതനും ലബ്ബൈയ്ക്ക് പറഞ്ഞ് മുന്നോട്ടു വന്നവരാണവർ. ഞാനിതാ ഹാജരായിരിക്കുന്നു. എല്ലാ ദൈവീകാജ്ഞകളും നിറവേറ്റുവാൻ തയ്യാറായിരിക്കുന്നു. ഒരു പ്രതിഫലവും ഇച്ഛിക്കാതെ. അവൻ അവരുടെ സമയവും, ജീവിതവും ഇസ്ലാമിന്റെ പുരോഗതിക്കായി സമർപ്പിച്ചിരിക്കുന്നു. അതെ ശരിയായ ഇസ്ലാമിനു(സഹീഹ് അൽ ഇസ്ലാം) വേണ്ടി, ഇസ്ലാമിന്റെ പരിശുദ്ധ അവസ്ഥയിലും സത്യതയിലും നിലനിർത്തുന്നതിനു വേണ്ടി, ജനങ്ങളുടെ കാല്പാദങ്ങളിൽ ചവിട്ടി അരയ്ക്കപ്പെട്ട ഇസ്ലാമിനു വേണ്ടിയല്ല.

പ്രയാസകരമായ ആത്മീയ വികാസ പാതയിൽ ഓർത്തിരിക്കേണ്ട ഒരു കാര്യം അല്ലാഹു(ത)ഒരു വിശ്വാസിയെയും നഷ്ടത്തിലാവാൻ അനുവദിക്കില്ല എന്നതാണ്.ഭൗതിക ലോകകാര്യ വിജയങ്ങൾക്കായി ജനങ്ങൾ കഠിനമായി അധ്വാനിക്കുന്നു. മതപരമായ കാര്യ വിജയങ്ങൾ വളരെ ലഘുതരമായി കരുതുന്നു. പരീക്ഷണമോ പ്രയാസമോ ഇല്ലാതെ ഒരു സ്പർശം കൊണ്ടോ മറ്റോ വിജയമുണ്ടാകുമെന്നു കരുതുന്നു.

ഒരു കർഷകനിലേക്ക് നോക്കൂ. രാവിന്റെ അവസാനയാമങ്ങളിൽ അവൻ എങ്ങനെയാണ് ഉണർന്നെണീക്കുന്നതെന്ന്. തന്റെ ധാന്യങ്ങൾ എത്ര സൂക്ഷ്മതയോടെയും കാര്യക്ഷമമായുമാണ് അവൻ നിക്ഷേപിക്കുന്നത്. അതിനു വേണ്ടി അവൻ വളരെ വലിയ പ്രയാസങ്ങളെ അഭിമുഖീകരിക്കുന്നുണ് ട്. പകലോ രാത്രിയിലോ വിശ്രമമില്ലാതെ അവൻ അതിനുവേണ്ടി അധ്വാനിക്കുന്നു. ഈ അധ്വാനങ്ങൾക്കു ശേഷം ധാന്യങ്ങൾ പാകമാകുമ്പോൾ അതിനു കേടു ബാധിക്കാതെ സംരക്ഷിക്കുന്നതിനു വേണ്ടി അവൻ കഠിനാധ്വാനം ചെയ്യുന്നു. ഒടുവിൽ അവൻ അത് കേടുകൂടാതെ ശേഖരിക്കുന്നു. ചുരുക്കത്തിൽ അവൻ വളരെയധികം പരിശ്രമിക്കുന്നു. അത് ഈ ലോകത്തിനു വേണ്ടി അതോ ഇന്നേക്കു വേണ്ടി. നാളെ ഈ ലോകം അവനിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. ഒന്നിനു പുറകെ മറ്റൊന്നായി അവൻ അനേകം പ്രശ്നങ്ങളിൽ ആപതിക്കുന്നു. അനേകം പ്രയാസങ്ങളിൽ കഷ്ടപ്പെടുകയും ചെയ്യുന്നു. കുറെ ധാന്യമണികൾ മുളപ്പിക്കുവാൻ എത്രയോ പരിശ്രമം ആവശ്യമായി വരുന്നു. എന്നിരിക്കെ മതം അത് ഒരു സ്പർശനത്തിലൂടെ അതിലെ വിജയങ്ങൾ നേടാമെന്ന് കരുതുകയാണോ? അതിനു ഒരു പരിശ്രമവും ആവശ്യമില്ലെന്നു കരുതുന്നുവോ? അതിന് പരീക്ഷണങ്ങളെ അതിജീവിക്കേണ്ടത് അത്യാവശ്യമാണെന്ന് കരുതപ്പെടുന്നില്ലേ? വിശ്വാസകാര്യങ്ങളിൽ ഇത്തരം വിശ്വാസം വെച്ചു പുലർത്തുകയും മതം യാതൊരു പ്രയാസവുമില്ലാത്ത കാര്യമാണ്, പാകമായഒരു ഫലത്തെ അടർത്തി എടുക്കുന്ന ലാഘവത്തോടെ കൈകാര്യം ചെയ്യാവുന്ന കാര്യമാണ്, എന്നു കരുതുന്നത് ശരിയായ ഒരു രീതിയല്ല. വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യുടെ അനുചരന്മാരുടെ ജീവിതചരിത്രം പഠിക്കുകയും അവർ എന്തുമാത്രം പ്രയാസങ്ങൾ അനുഭവിച്ചു? എന്തെല്ലാം പീഡനങ്ങൾ ഏറ്റുവാങ്ങി? അവർ രാത്രിയിലോ പകലോ വിശ്രമിച്ചിട്ടില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാവിധ ത്യാഗങ്ങളും അവർ വരിച്ചു.അവരുടെ മതത്തിനു വേണ്ടി ആവരുടെ ജീവൻ ബലികഴിച്ചു. അവരുടെ ശിരസ്സുകൾ അതിനായി അർപ്പിച്ചു. മുഹമ്മദ് മുസ്തഫാ(സ) യും തന്റെ അനുചരന്മാരും കൂടി ഒരു ശത്രുവിനെ നേരിട്ട ഒരു സംഭവം ഞാൻ ഇത്തരുണത്തിൽ ഓർക്കുകയാണ്.

മധ്യാഹ്നസമയം. ഉഷ്ണകാലത്തെ സൂര്യൻ കത്തിജ്വലിക്കുന്നു. അവരുടെ മുഖകമലങ്ങളിൽ ഉഷ്ണക്കാറ്റ് ഒരു ദാക്ഷിണ്യവും കാട്ടിയില്ല. ഹരിതവർണ്ണങ്ങളാൽ ചുറ്റപ്പെട്ട ഒരു നീർത്തടത്തിനു സമീപം അവരെത്തി. ഇവിടെ വച്ച് ആരാധന നടത്താൻ അനുവദിക്കണമെന്ന് ഒരനുചരൻ നബിയോട് ആവശ്യപ്പെട്ടു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) ഇപ്രകാരം പ്രതിവചിച്ചു. താങ്കൾ പശ്ചാത്തപിച്ചു മടങ്ങുക. താങ്കൾക്ക് അറിയില്ലേ, നമ്മൾ ഒരു വലിയ ഉദ്യമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.അല്ലാഹുവിനു വേണ്ടിയാണ് നാം ആ ഉദ്യമത്തിൽ പ്രവേശിച്ചിരിക്കുന്നത്. സുഖപ്രദമായ ഇത്തരം ഒരു സ്ഥലത്തു വച്ച് ആരാധന നടത്തുന്നത് പ്രസ്തുത ഉദ്യമം ലക്ഷ്യം കാണുന്നതിനു സഹായകമാവില്ല. അല്ലാഹുവിനെ സേവിക്കുന്നതിൽ വേദനയും പ്രയാസവും നേരിടുന്നില്ലെങ്കിൽ അത് ഒരിക്കലും യഥാർത്ഥ സേവനമായിരിക്കില്ല. ഏതെങ്കിലും ഒരു കുളത്തിനു ചുറ്റും കൂടി ഇരിക്കുന്നതിലൂടെ ഒന്നും നേടുകയില്ല. ഹിന്ദുഗുരുക്കന്മാർ ചെയ്യുന്നതു പോലെ, അവർ സുഖകരമായ ഒരു ജീവിതം നയിക്കുന്നു. രസപൂർണ്ണമായ പച്ചപരവതാനിയിൽ കിടക്കുമ്പോൾ ദൈവത്തെ സ്മരിക്കുന്നു. പരീക്ഷണത്തിന്റെയും ദുരിതത്തിന്റെയും സമയങ്ങളിൽ നിങ്ങൾ ഉറച്ചു നില്ക്കണം, അതായത് ദൈവമാർഗ്ഗത്തിൽ നിങ്ങളുടെ ജീവൻ വെടിയാൻ പോലും തയ്യാറായിരിക്കണം, അതാണ് കരണീയമായിട്ടുള്ളത്.

അതെ നിങ്ങൾ നിങ്ങളുടെ ജീവനെ(ജീവിതത്തെ)ബലി അർപ്പിക്കുവാൻ, ദൈവമാർഗ്ഗത്തിൽ സദാസന്നദ്ധരായിരിക്കണം. ആത്മീയാനുഭൂതി കരഗതമാകുന്നത് ദൈവമാർഗ്ഗത്തിൽ സകലതും ത്യജിക്കുന്നതിലൂടെയാണ്. അത്തരം ത്യാഗത്തിലൂടെയാണ് അല്ലാഹുവിനെ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നത്. ഇതാണ് അല്ലാഹുവിന്റെ മാർഗ്ഗം, ലോകം സൃഷ്ടിക്കപ്പെട്ട കാലം മുതൽ, പ്രവാചകത്വ വ്യവസ്ഥ സ്ഥാപിക്കപ്പെട്ടതു മുതൽ ഇതു തന്നെയാണ് ആ വഴി. വേദനയും പ്രയാസവും താണ്ടാതെ ദൈവസംതൃപ്തി കരഗതമാവുകയില്ല. യാതനയും പരീക്ഷണവും അഭിമുഖീകരിക്കുന്നതിലൂടെ ഒരു വ്യക്തിക്ക് സ്വയം മനസ്സിലാകുന്നതാണ് താൻ മുമ്പായിരുന്ന ആൾ അല്ല എന്ന്. ത്യാഗത്തിലൂടെയും പരീക്ഷണങ്ങളിലൂടെയും, ഒരുവൻ വിജയത്തിലേക്ക് എത്തിചേരുന്നത് ദൈവം നോക്കികാണുന്നുണ്ട്. ഒരു വ്യക്തി പ്രയാസങ്ങളെയും, ബുദ്ധിമുട്ടുകളെയും അഭിമുഖീകരിക്കുവാൻ തയാറാകാത്തടത്തോളം കാലം ആത്മീയ പുരോഗതി നേടാം എന്ന പ്രതീക്ഷ വെച്ചുപുലർത്തേണ്ടതില്ല. ഇന്ന് ഞാൻ ഈ പ്രഭാഷണം ഇവിടെ നിർത്തുന്നു. നമ്മുടെ ത്യാഗങ്ങളെ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. ആമീൻ. അടുത്ത വെള്ളിയാഴ്ച ഇതേ വിഷയത്തിൽ ഖുത്തുബ തുടരുവാനുള്ള തൗഫീഖ് അല്ലാഹു എനിക്കു പ്രദാനം ചെയ്യുമാറാകട്ടെ. ഇൻഷാ അല്ലാഹ്, ആമീൻ.

*Translated by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Phone: 0475-2252530, 9447001832*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*